manoramaonline.com Close

# എഞ്ചിനീയറിംഗ്– ഏത്, എങ്ങനെ?

ടി. എ. അരുണാനന്ദ്

Story Dated: Tuesday, May 28, 2013 14:23 hrs IST

അങ്ങനെ എഞ്ചിനീയറിംഗ് എൻട്രൻസ് ഫലവും പുറത്തുവന്നു. ഇനി ഓപ്ഷന്, രജിസ്ട്രേഷന്, അലോട്ട്മെന്റിന്, അഡ്മിഷന്....അങ്ങനെ നീണ്ട ഒരു പ്രക്രിയയ്ക്ക് തുടക്കമാവുകയാണ്. പരീക്ഷയൊക്കെ എഴുതിക്കഴിഞ്ഞു നല്ല റാങ്ക് ഒക്കെ വാങ്ങിയെങ്കിലും, കോഴ്സ്, കോളജ് തിരഞ്ഞെടുപ്പ് പലർക്കും ഒരു പേടിസ്വപ്നമാണ്. യഥാർഥത്തിൽ അൽപം ശ്രമകരമായ ഒരു കാര്യം തന്നെയാണ് ഇത് എന്ന് സമ്മതിക്കേണ്ടി വരും. നല്ല റാങ്ക് കിട്ടിയാൽ മാത്രം പോരാ. കോളജിലും അഡ്മിഷൻ നേടുക എന്നത് എല്ലാ വിദ്യാർഥികളുടെയും സ്വപ്നമാണ്. പക്ഷേ, പല കാരണങ്ങൾ കൊണ്ട് ഈ തിരഞ്ഞെടുപ്പ് ചിലപ്പോഴെങ്കിലും പാളിപ്പോകാറുണ്ട്. ഈ വിഷയത്തിൽ അവിദഗ്ധരായവരിൽ നിന്നും ഉപദേശം സ്വീകരിക്കുക എന്ന ആത്മഹത്യാപരമായ കാര്യമാണ് ആദ്യം ഒഴിവാക്കേണ്ടത്. നിങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ പൂർണവും ആധികാരികവുമാണെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

അടുത്ത ചോദ്യം ഇതാണ്: നല്ല കോഴ്സ്, നല്ല കോളജ് എന്നിവ തിരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്, ഈ വിവരങ്ങൾ എവിടെ നിന്നും ലഭിക്കും. ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരമാണ് താഴെ കൊടുക്കുന്നത്.

1. കോഴ്സ്

എളുപ്പം ജോലി കിട്ടുന്ന ബ്രാഞ്ച് ഏതാണ്? വിദ്യാർഥികളും ചോദിക്കുന്ന ചോദ്യമാണ് ഇത്. പലപ്പോഴും വിഷമത്തോടെയാണ് മറുപടി പറയേണ്ടി വന്നിട്ടുള്ളത്. പഠിക്കുന്ന വിഷയത്തിന്റെ ജോലി സാധ്യത പ്രധാനമായ ഒരു കാര്യം തന്നെ ആണ്. പക്ഷേ, അതിനേക്കാൾ ഉപരി കുട്ടിയുടെ താൽപര്യത്തിനാണ് പ്രാധാന്യം കൽപ്പിക്കേണ്ടത്. അയൽവീട്ടിലെ കുട്ടി കംപ്യൂട്ടർ സയൻസ് പഠിച്ചു ആറക്ക ശമ്പളം വാങ്ങുന്നു എന്നു പറഞ്ഞു തന്റെ കുട്ടിയോടും ക ംപ്യൂട്ടർ സയൻസ് പഠിച്ചാൽ മതി എന്നു ഉപദേശിക്കുന്ന മാതാപിതാക്കളെ ഞാൻ കണ്ടിട്ടുണ്ട്. ഒരിക്കലും അനുവദിച്ചു കൂടാത്ത ഒരു പ്രവണതയാണിത്. എഞ്ചിനീയറിംഗിൽ ലഭ്യമായ ബ്രാഞ്ചുകളെ പറ്റി കുട്ടി മനസിലാക്കട്ടെ. എന്നിട്ട് അവനാണ്/അവളാണ് തീരുമാനിക്കേണ്ടത് തനിക്കു താൽപര്യം ഉള്ള വിഷയം ഇതാണ് എന്നുള്ളത്. കുട്ടിയുടെ താൽപര്യ പ്രകാരം തിരഞ്ഞെടുത്ത വിഷയമാണെങ്കിൽ മാത്രമേ നാലുവർഷക്കാലത്തെ പഠനം അവർക്ക് ആസ്വദിക്കാനു ം അനുഭവിക്കാനും കഴിയൂ. മെക്കാനിക്കൽ എഞ്ചിനീയറിംഗ് താൽപര്യമുള്ളയാളെ കെമിക്കൽ എഞ്ചിനീയറിംഗ് പഠിപ്പിക്കാൻ വിട്ടാൽ എങ്ങനെ ഇരിക്കും! പഠനം വളരെ വിരസമാകും എന്നു മാത്രമല്ല, ഒരു പക്ഷേ, കോഴ്സ് തന്നെ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞെന്നും വരില്ല. അതുകൊണ്ട്, ഓപ്ഷൻ നൽകുന്ന സമയത്ത് നിങ്ങൾ ഇഷ്ടപ്പെടുന്ന വിഷയത്തിന്റെ ക്രമമാണ് പ്രധാനം. ആ വിഷയം പഠിപ്പിക്കുന്ന കോളജുകളെ മുൻഗണന ക്രമത്തിൽ തര ംതിരിക്കുന്നതിലാണ് നിങ്ങളുടെ വിജയം.

2. കോളജ്

കോളജിനു അംഗീകാരം ഉണ്ട് എന്ന് ആദ്യം തന്നെ ഉറപ്പു വരുത്തുക. എല്ലാ എഞ്ചിനീയിംഗ് സ്ഥാപനങ്ങളും എഐസിടിഇ അംഗീകരിച്ചതും ഏതെങ്കിലും യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തതോ, കൽപിത യൂണിവേഴ്സിറ്റിയായി പ്രഖ്യാപിക്കപ്പെട്ടതോ ആയിരിക്കണം. വിദ്യാർഥികൾ പ്രത്യേകിച്ച് അന്യ സംസ്ഥാനങ്ങളിൽ പഠനത്തിനു പോകുന്നവർ ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധ വെക്കേണ്ടതുണ്ട്. ഇതു കൂടാതെ സുപ്രധാനമായ മറ്റു ചില ഘടകങ്ങളും കോളജ് തിരഞ്ഞെടുപ്പിനെ സ്വാധീനിക്കേണ്ടതുണ്ട്. അവ താഴെ പറയുന്നു.

**a.** ഫാക്കൽടി: ഒരു കോളജിന്റെ വിജയത്തിന് ചുക്കാൻ പിടിക്കുന്നത് ആത്യന്തികമായി അവിടുത്തെ അധ്യാപകരാണ്. നിങ്ങളുടെ വിഷയത്തിലെ അധ്യാപകരുടെ നിലവാരം വിലയിരുത്തുകയാണ് ആദ്യം വേണ്ടത്. അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത, പബ്ലിക്കേഷൻസ് അഥവാ ഗവേഷണ പഠനങ്ങൾ, അവർ ഏതു സ്ഥാപനങ്ങളിൽ നിന്നാണ് യോഗ്യത നേടിയത്, അധ്യാപന പരിചയം തുടങ്ങിയ മാനദണ്ഡങ്ങൾ കൃത്യമായി നോക്കണം. പി എച്ച്ഡി ബിരുദവും, എ

ം.ടെക് ബിരുദവുമുള്ള അധ്യാപകരുടെ എണ്ണവും, പരിചയ സമ്പന്നതയും പ്രത്യേകം ശ്രദ്ധിക്കണം.

**b**. ഇൻഫ്രസ്ട്രക്ചർ: അടുത്ത, അല്ലെങ്കിൽ അത്രയും തന്നെ, പ്രധാനപ്പെട്ട ഘടകമാണ് കോളജിലെ അടിസ്ഥാന സൗകര്യങ്ങൾ. ആവശ്യമുള്ള ക്ലാസ് മുറികൾ, ലാബുകൾ, ഉപകരണങ്ങൾ തുടങ്ങിയവ വേണ്ടത്രയുണ്ടോ എന്ന് പരിശോധിക്കണം. കൂടാതെ, ഹോസ്റ്റൽ ലഭ്യതയും കണക്കിലെടുക്കാം.

**c.** യൂണിവേഴ്സിറ്റിയും സിലബസും: ഏതു യൂണിവേഴ്സിറ്റിയിലാണ് സ്ഥാപനം അഫിലിയേറ്റ് ചെയ്തിട്ടുള്ളത് എന്ന് പ്രത്യേകം ശ്രദ്ധിക്കണം. അതോടൊപ്പം അതാത് യുണിവേഴ്സിറ്റികളിലെ സിലബസും പരിഗണിക്കണം. ഇതിനായി വിവിധ യൂണിവേഴ്സിറ്റികളിൽ പഠിച്ചിറങ്ങിയ വിശ്വസനീയരായ മുൻവിദ്യാർഥികളുട സഹായം തേടാം.

**d.** റിസൽറ്റ്: നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്ഥാപനം അക്കാദമിക നിലവാരം പുലർത്തുന്നവയാണോ എന്നും പരിശോധിക്കണം. ഇതിനായി മുൻ വർഷങ്ങളിലെ റിസൽറ്റും പരിശോധിക്കാം. ഉദാഹരണത്തിന്, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പരീക്ഷാഫലത്തിന്റെ വർഷങ്ങളായി മുൻപിൽ നിൽക്കുന്ന സ്ഥാപനങ്ങളാണ് ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളജും തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളജും. ഈ മാനദണ്ഡം ഒരു പരിധി വരെ കോളജിന്റെ ഔന്നത്യത്തെ കാണിക്കുന്നു. ഇത്തരം വിവരങ്ങൾ അതാത് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

**e.** പാഠ്യ–പാഠ്യേതര വിഷയങ്ങളിലുള്ള പ്രവർത്തനങ്ങൾ: പരീക്ഷാഫലങ്ങൾ കോളജിന്റെ ഒരു മുഖം മാത്രമേ നമുക്ക് കാണിച്ചു തരുന്നുള്ളൂ. അതോടൊപ്പം തന്നെ, പാഠ്യ–പാഠ്യേതര വിഷയങ്ങളിൽ അതാതു കോളജിലെ വിദ്യാർഥികൾ നടത്തുന്ന പ്രവർത്തനങ്ങൾ കൂടി വിലയിരുത്തണം. പഠന പ്രോജക്ടുകൾ, സാമൂഹിക പരിഗണനകൾ, കലാ–കായിക  പ്രകടനങ്ങൾ തുടങ്ങിയ കാര്യങ്ങളും പരിഗണിക്കണം.

**f.** അക്രെഡിട്ടെഷൻ, അംഗീകാരങ്ങൾ: നാക്, നഭ തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങൾ ചില മാനദണ്ഡങ്ങൾ വച്ചുകൊണ്ട് കോളജുകളിലെ ഡിപ്പാർട്ട്മെന്റുകളെ വിലയിരുത്തുകയും ഗ്രേഡുകൾ നൽകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അംഗീകാരങ്ങൾ നേടിയ സ്ഥാപനമാണോ എന്ന് പരിശോധിക്കുക. ഇതും ഒരു പരിധി വരെ സ്ഥാപനത്തിന്റെ മേന്മയെ കാണിക്കുന്നു.

**g.** ലാസ്റ്റ് റാങ്ക് വിവരങ്ങൾ: കഴിഞ്ഞ വർഷത്തെ അതാതു കോളജിലെ അവസാന റാങ്ക് വിവരങ്ങൾ എൻട്രൻസ് കമ്മിഷനറുടെ വെബ്സൈറ്റിൽ ലഭ്യമാകും. ഇക്കാര്യങ്ങൾ നിങ്ങളുടെ തീരുമാനത്തെ ഒരു പരിധിവരെ എളുപ്പമാക്കിയേക്കാം.

**h.** ക്യാംപസ് ഇന്റർവ്യൂ സാധ്യതകൾ: പഠന സമയത്ത് തന്നെ ജോലി ലഭിക്കാനുള്ള സാധ്യതകളെ കുറിച്ച് ആരായുക. എല്ലാ കോളജുകളും തന്നെ പ്ലേസ്മെന്റ് പോർട്ടലുകൾ തയാറാക്കിയിട്ടുണ്ടാകും. ഈ പോർട്ടലുകളിൽ നിന്ന് (ഇതിലേക്കുള്ള ലിങ്ക് അതാത് സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്) മുൻവർഷങ്ങളിൽ കോളജ് സന്ദർശിച്ച കമ്പനികളുടെ വിവരങ്ങളും, ജോലി വിവരങ്ങളും ശേഖരിക്കുക.

**i.** പൂർവവിദ്യാർഥികൾ: തിരഞ്ഞെടുക്കുന്ന സ്ഥാപനത്തിലെ പൂർവ വിദ്യാർഥികൾ ഇപ്പോൾ എന്ത് ചെയ്യുന്നു. എത്രപേര് ഏതൊക്കെ നിലയിൽ ആണ് ഉള്ളത്, എത്ര പേര് ഉപരി പഠനത്തിൽ ഏർപ്പെട്ടു, തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുക (നിലവാരമുള്ള ഒരു കോളജിന്റെ വെബ്സൈറ്റിൽ ഇത്തരം വിവരങ്ങളും കൊടുത്തിരിക്കും). ഇക്കാര്യങ്ങളൊക്കെ തന്നെ ആ സ്ഥാപനത്തിന്റെ ഉൽപന്നങ്ങളായ വിദ്യാർഥികളുടെ ഗുണമേന്മയെ സൂചിപ്പിക്കുന്നവയാണ്.

**j.** കാംപസ് അന്തരീക്ഷം: പഠന സഹായകമായ ഒരു അന്തരീക്ഷം സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് അന്വേഷിക്കുക. പഠനത്തെ തടസപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നിലനിൽക്കുന്ന ഒരു കാമ്പസിലെ പഠനം ചിലപ്പോൾ ദുരിത പൂർണമായേക്കാം.

3. വിവരങ്ങൾ എവിടെ നിന്ന്?

**a.** കോളജുകളുടെ വെബ്സൈറ്റിൽ നിന്ന്: എല്ലാ കോളജുകളും അവരുടെ വെബ്സൈറ്റിൽ മന്റേട്ടറി ഡിസ്ക്ലോഷർ എന്ന ഒരു വിവര സംഹിത പ്രദർശിപ്പിച്ചിരിക്കും. ആ ഡോക്യുമെന്റിൽ നിന്ന് കോളജിനെയും കോഴ്സുകളെയും സംബന്ധിക്കുന്ന ഏറ്റവും പുതിയതും ആധികാരികവുമായ വിവരങ്ങൾ ഉണ്ടാകും.

**b.** എൻട്രൻസ് കമ്മിഷനറുടെ വെബ്സൈറ്റിൽ നിന്ന് (http://www.ceekerala.org)

**c.** കോളജിലെ മുൻ വിദ്യാർഥികളുമായി സംസാരിക്കുക വഴി

**d.** കോളജിലെ അധ്യാപകരുമായി സംസാരിക്കുക വഴി

**e.** ബന്ധപ്പെട്ട വ്യവസായ മേഖലയിലെ (industry) വിദഗ്ധരുമായി ബന്ധപ്പെട്ട്

**f.** കോളജ് നേരിട്ട് സന്ദർശിക്കുക വഴി.

4. മറ്റു നിർദേശങ്ങൾ

**a.** സ്വന്തം താൽപര്യവും കഴിവും മാത്രം കണക്കിലെടുത്ത് വേണം ഓപ്ഷൻ നൽകുവാൻ. പ്ലസ് ടുവിന് കൂടെ പഠിച്ച കൂട്ടുകാരൻ/കൂട്ടുകാരി ചേരുന്ന കോളജിലെ ഞാനും ചേരൂ എന്ന വാശി ഉപേക്ഷിക്കണം!

**b.** ചിലർക്കെങ്കിലും വീടിനടുത്തുള്ള കോളജിൽ പഠിക്കണം എന്ന ആഗ്രഹം ഉണ്ടാകാം. ചിലപ്പോഴൊക്കെ വീട്ടിലെ സാഹചര്യങ്ങളും ഇതിനു കാരണമായേക്കാം. എങ്കിൽ തന്നെയും ഈ പരിഗണന മൂലം നിങ്ങളുടെ ഭാവി അപകടത്തിലാകുന്നില്ല എന്ന് ഉറപ്പു വരുത്തുക: അതായത്, വീടിനടുത്തെന്നു കരുതി ഒരു മോശം കോളജിൽ ചേർന്ന് പഠിക്കാതിരിക്കുക.

**c.** പല മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിൽ വഞ്ചിതരാകാതിരിക്കുക. പരസ്യങ്ങളുടെ നിജസ്ഥിതി വിലയിരുത്തിയതിനു ശേഷം മാത്രം പ്രവർത്തിക്കുക.

**d.** മാതാപിതാക്കളോട് ഒരു വാക്ക്: നിങ്ങൾക്ക് നഷ്ടപ്പെട്ട മോഹങ്ങളും മറ്റും മക്കളുടെ മേൽ അടിച്ചേൽപ്പിക്കാതിരിക്കുക. അതുപോലെ തന്നെ, അയൽവീട്ടിലെ കുട്ടി എഞ്ചിനീയർ ആയി എന്ന പേരിൽ, ദുരഭിമാനത്തിന്റെ പേരിൽ, താൽപര്യമില്ലാത്ത ഒരു കുട്ടിയേയും എഞ്ചിനീയറിംഗിന് ചേർക്കാതിരിക്കുക. കുട്ടികളെ അവരുടെ വഴിക്ക് വിടുക. മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി എഞ്ചിനീയറിംഗിന് ചേർന്ന് മിക്ക വിഷയങ്ങൾക്കും തോറ്റു മനസ് തകർന്നിരിക്കുന്ന എത്രയോ വിദ്യാർഥികളുണ്ട് നമ്മുടെ നാട്ടിൽ. അവരുടെ കൂട്ടത്തിൽ നിങ്ങളുടെ മകനെയും/മകളെയും കൂടി ചേർക്കാതിരിക്കുക. അവൻ/അവൾ അവരുടെ താൽപര്യങ്ങളിൽ ജീവിക്കട്ടെ. ജീവിതം ഒരു ആഘോഷമാക്കട്ടെ.

ഓർക്കുക

നിങ്ങൾ എൻട്രൻസ് പരീക്ഷയ്ക്ക് തയാറെടുത്തതിന്റെ അതേ ഗൗരവത്തിൽ, ഒരുപക്ഷേ, അതിനേക്കാൾ ഏറെ ഗൗരവത്തോടെ സമീപിക്കേണ്ട കാര്യങ്ങളാണ് മുകളിൽ പറഞ്ഞവ. ഓൺലൈൻ അലോട്മെന്റ് തുടങ്ങുവാൻ ഇനിയും സമയമുണ്ട്. അതിനിടയിൽ ഇക്കാര്യങ്ങളെക്കുറിച്ച് ഗൗരവമായ ഒരു പഠനം സ്വയം നടത്തേണ്ടതുണ്ട്– ഒരു സുദീർഘമായ പഠനം. വിജയാശംസകൾ!